"ഭരണഭാഷ മാതൃഭാഷ"

നം. KDFWF/3217/2017 കേരള ക്ഷീരകർഷക ക്ഷേമനിധി
തിരുവനന്തപുരം, തീയതി. 12.06.2018

**സർക്കുലർ നം.- 2/2018**

വിഷയം:- ക്ഷീരകർഷക ക്ഷേമനിധി - ന്യൂനതയായ അപേക്ഷകളുടെ പുന:സമർപ്പണം- കാലവിളമ്പം കൂടാതെ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നിർദ്ദേശം.

ക്ഷീരകർഷകർ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ വിവിധ തലങ്ങളിലെ പരിശോധനകൾക്ക് ശേഷമാണ് ക്ഷേമനിധി ഓഫീസിൽ എത്തുന്നത്. എന്നാൽ സാധുവായി ക്ഷേമനിധി ഓഫീസിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പോലും ക്ഷേമനിധി ഓഫീസിൽ നടത്തുന്ന സൂക്ഷ്മ പരിശോധനയിൽ ന്യൂനതയുള്ളതായികണ്ട് നിരസിക്കേണ്ടതായി വരുന്നുണ്ട്. ഇത്തരത്തിൽ നിരസിക്കപ്പെടുന്ന അപേക്ഷകൾ തൊട്ടടുത്ത് കൂടുന്ന ബോർഡ് യോഗത്തിൽ തന്നെ അംഗീകരിക്കുവാൻ ഉതകുന്ന രീതിയിൽ പുന:സമർപ്പിക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കണമെന്ന് ബോർഡ് നിർദ്ദേശിച്ചിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) ഓരോ ബോർഡ് യോഗത്തിന് ശേഷവും ക്ഷേമനിധി ഓഫീസിൽ നിന്നും ന്യൂനതയായി തിരികെ നൽകുന്ന അപേക്ഷകൾ 'Monthly Conference Report' tab ലെ 'Online Application Rejected' എന്ന റിപ്പോർട്ടിൽ ലഭ്യമാണ്. ടി റിപ്പോർട്ടിൽ ഏത് ബോർഡ് യോഗത്തിലാണ് അപേക്ഷ നിരസിച്ചിരിക്കുന്നത് എന്ന് വ്യ ക്തമായിട്ടുണ്ട്. ഓരോ ബോർഡ് യോഗത്തിന് ശേഷവും ക്ഷീരജാലകം പ്രമോട്ടർമാർ ടി റിപ്പോർട്ട് ഡൗൺലോഡ് ചെയ്ത് അപേക്ഷ നിരസിക്കപ്പെട്ടവരുടെ ലിസ്റ്റ് പരിശോധിച്ച് വേണ്ട നടപടികൾ ഉടനെ കൈകൊള്ളേണ്ടതാണ്.

2) പുന:സമർപ്പിക്കുവാൻ സാധിക്കുന്ന അപേക്ഷകൾ എത്രയും വേഗം തൊട്ടടുത്ത് വരുന്ന ബോർഡ് യോഗത്തിൽ അംഗീകരിക്കുന്നതിന് ഉതകുന്ന രീതിയിൽ സമർപ്പിക്കേണ്ടതാണ്.

മറുപുറം . . . . . . .

3) അപേക്ഷകൾ പുന:സമർപ്പിക്കുന്നതിന് ക്ഷീരകർഷകരുടെ ഭാഗത്തുനിന്നും വൈമുഖ്യം ഉണ്ടാകുന്ന പക്ഷം ആയവരുടെ വിവരങ്ങൾ രേഖാമൂലം ജില്ലാ നോഡൽ ഓഫീസർ മുഖേന ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

4) ക്ഷീരകർഷക പ്രമോട്ടർമാരുടെ ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് വേണ്ട എല്ലാവിധ സൗകര്യങ്ങളും ക്ഷീരസംഘങ്ങളിലും ക്ഷീരവികസന യൂണിറ്റുകളിലും ലഭിക്കുന്നുണ്ട് എന്ന് ജില്ലാ നോഡൽ ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

OFFICE OF THE EXECUTIVE OFFICER
Thiruvananthapuram
Date.........................
KERALA DAIRY FARMERS WELFARE FUND

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

1) ചെയർമാൻ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
2) ക്ഷീരവികസന വകുപ്പ് ഡയറക്ടർ (ആമുഖകത്ത് സഹിതം)
3) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4) എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും (ഈ സർക്കുലറിലെ വിവരങ്ങൾ അതാത് ജില്ലയിലെ എല്ലാ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും, ക്ഷീരവികസന ഓഫീസർമാരെയും ഡയറി ഫാം ഇൻസ്ട്രക്ടർമാരെയും അറിയിക്കേണ്ടതാണ്)
5) എല്ലാ ക്ഷീരജാലകം പ്രമോട്ടർമാർക്കും